# Weekly Devotion - February 2019

## Favour From The Lord

## ( ദൈവത്തിൽ നിന്നുള്ള കൃപ)




"........സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്ന് യോഹ: (8:32) ൽ കാണുന്നു. മാനസാന്തരത്തിന്റെ സത്യം സ്വീകരിച്ചാൽ മാനസാന്തരപ്പെടും. ജീവിത വിശുദ്ധി എന്ന സത്യം അംഗീകരിച്ചാൽ വിശുദ്ധ ജീവിതത്തിലേക്ക് പടിപടിയായി കയറുവാൻ കഴിയുന്നു. ഇതെല്ലാം കൃപയാൽ ലഭിക്കുന്ന ദാനങ്ങളാണ്.

ദൈവവചനത്തിൽ ആദ്യം കൃപ പ്രാപ്യമാക്കിയ വ്യക്തിയാണ് നോഹ:( ഉല്പ:6:8) അബ്രഹാം ദൈവത്തോട് "എന്നോട് കൃപ (Favour) ഉണ്ടെങ്കിൽ അടിയനെ കടന്നു പോകരുതേ" എന്ന് അപേക്ഷിച്ചതായി ഉല്പ (18:2) ൽ കാണുന്നു. ദൈവത്തിന് അദ്ദേഹത്തോട് കൃപതോന്നി മണിക്കൂറുകളോളം അബ്രഹാമിനോടൊപ്പം കൂടാരത്തിൽ പാർത്തു. കൃപാലു കൂടെ വസിച്ചപ്പോൾ ലഭ്യമാകാത്ത ഒരു വലിയ നന്മ അതിലൂടെ അബ്രഹാമിന് ലഭിച്ചു. നമുക്കും അപ്രകാരം അനുഗ്രഹം പ്രാപിക്കുവാൻ കഴിയും.

പുറ:(33:12) ൽ "എനിക്ക് നിന്നോട് കൃപ തോന്നിയിരിക്കുന്നു" എന്ന് കാണുന്നു. മോശയോട് ദൈവത്തിന് കൃപതോന്നിയതിന്റെ

കാരണം യഹോവ അവനെ നന്നായി അറിഞ്ഞതാണ്. അടുത്തറിയുന്നവൻ നമ്മുടെ പേർ പോലും അറിയുന്ന, ആടുകളായ നമുക്കു വേണ്ടി ജീവൻ പോലും തന്ന നല്ലിടയനാണ്.

Read - യോഹ: (10:14) (10:3)

പഴയനിയമത്തിലോ പുതിയ നിയമത്തിലോ ഒരാൾക്ക് കൃപ ലഭിച്ചാൽ നമുക്കും ലഭിയ്ക്കും എന്ന് വിശ്വസിക്കണം. ഈ വിശ്വാസം ചിന്തയിലേക്ക് ഏറ്റെടുക്കണം തുടർന്ന്, കൃപലഭിയ്ക്കും എന്ന ചിന്തയാൽ ഹൃദയം നിറയണം. ഹൃദയം നിറയുന്നതല്ലോ വായ് കൊണ്ട് സംസാരിക്കേണ്ടത്. അതിനാൽ കൃപലഭിച്ച് അനുഗ്രഹീതരാകും എന്ന് ആവർത്തിച്ച് പറയണം.

ഉല്പ: (39:21-22) വരെയുള്ള ഭാഗത്ത് യോസഫിന് കൃപലഭിച്ചതിനാൽ എന്തെല്ലാം കാര്യങ്ങൾ പ്രാപ്യമായി എന്ന് കാണുന്നു. ഒന്നാമതായി കാരാഗൃഹപ്രമാണിയ്ക്കുണ്ടായ "ദയവ്" (2) കാരാഗൃഹവാസികളുടെ വിചാരകനാക്കി പദവി ലഭിച്ചു (3) യഹോവ കൂടെയിരുന്ന് കൃപ ചൊരിഞ്ഞതിനാൽ അവൻ ചെയ്തതൊക്കെയും സഫലമായി. കൃപ നഷ്ടപ്പെടുത്തുന്നവർക്ക് തോൽവിയും, കൃപ പ്രാപിക്കുന്നവരിലേക്ക് അനുഗ്രഹവും ഒഴുകി എത്തുകയും ചെയ്യുന്നു. 1 ശമു :(17:16,24) വാക്യങ്ങളിൽ 40 ദിവസം ഫെലിസ്ത്യമല്ലനെ ഭയന്ന് യിസ്രായേൽ മക്കൾ പുറകോട്ട് ഓടി എന്ന് കാണാം. എന്താണ് കാരണം ? അഭിഷേകം, അനുസരണക്കേടു മൂലം ശൗൽ നഷ്ടപ്പെടുത്തി അവന്റെ മേലുള്ള കൃപ നഷ്ടമായിപ്പോയതിനാൽ അവന്റെ സൈന്യവും ശത്രുവിനെ ഭയന്നു. എന്നാൽ ദാവീദ്, എന്ന യുവാവിനെ യഹോവ കണ്ടെത്തി അഭിഷേകം ചെയ്യിച്ചവനായി തക്കസമയത്ത് എത്തേണ്ടിടത്ത് എത്തിച്ചവനായിരുന്നു. ലോകപടച്ചട്ട ഉപേക്ഷിച്ച്, അഭിഷേക തൈലം വീണ കവണയും കല്ലും ഉപയോഗിച്ചപ്പോൾ ശത്രുനിരതോറ്റു. ദാവീദിന്റെ മേൽ ദൈവ കൃപയുണ്ടായിരുന്നു. ദൈവകൃപലഭിച്ചവരായ് പ്രശ്നത്തെ നേരിടുക, തോറ്റോടുന്നവരാകരുത്. യഹോവ എന്നെ അറിയുന്നു, ഞാൻ യഹോവയെ അറിയുന്നു. ആയതിനാൽ നന്മ വിജയം, ഉയർച്ച എല്ലാം എന്നിലേക്ക് ഒഴുകി എത്തുമെന്ന് ധൈര്യത്തോടെ, വിശ്വാസത്തോടെ ആവർത്തിച്ച് പറഞ്ഞു ജയാളികളാകുക.

കൃപയാൽ അനുഗ്രഹം പ്രാപിക്കുന്ന വ്യക്തിയിൽ നിന്ന്, അത് കവർന്ന്, കഷ്ടതയിലാക്കുന്ന കള്ളനാണ് സാത്താൻ. അവനെ പിടിച്ചാൽ ഏഴ് മടങ്ങ് ലഭിക്കും എന്ന് വചനം പറയുന്നു. സദൃ (6:31) പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിയും, എന്ന് ഉറപ്പിക്കുവാൻ

കഴിഞ്ഞ ദിവസം കേട്ട ഒരു സാക്ഷ്യം എന്നെ സഹായിച്ചു. ഏഴായിരം രൂപ ബാങ്കിൽ അടയ്ക്കുവാൻ കൊണ്ടുപോയ ഒരു സഹോദരിക്ക് അത് നഷ്ടമായി. എടുത്തത് കള്ളനാണ്. ബസ് യാത്രയിലാണ് നഷ്ട മായതും. അധികാരം ദൈവതന്നത് ഉപയോഗിച്ച് പ്രാർത്ഥിച്ചപ്പോൾ രണ്ട് മാർഗ്ഗത്തിൽ കൂടി ദൈവം അതിൽ കൂടുതൽ മടക്കി നൽകി. ഒരു ലോട്ടറി എടുക്കുവാൻ പ്രേരിപ്പിച്ച ഒരു പ്രായമുള്ള മനുഷ്യന്റെ വാക്കുക ളാണ് ആദ്യമായിട്ടും അവസാനമായിട്ടും എടുത്ത ലോട്ടറിയുടെ "5000" രൂപ അവർക്ക് ലഭിച്ചു പിന്നീട് അവരുടെ പറമ്പിൽ കൂടി തടി ലോറി യിൽ കയറ്റുവാൻ അനുവദിച്ചപ്പോൾ ഉടമസ്ഥന് ലാഭമായതിൽ നിന്ന് 5000 രൂപ അവർക്കു നൽകി. ഏഴായിരം കള്ളൻ എടുത്തു പക്ഷേ പതി നായിരം ദൈവം ആ സഹോദരിയ്ക്ക് നൽകി, തക്ക സമയത്ത് പണം അടയ്ക്കുകയും ചെയ്തു. കൃപ പ്രാപിക്കുന്ന ദൈവപൈതലിനോടുകൂ ടെയിരുന്ന് വഴിനടത്തുന്നവനാണ് ദൈവം.

പ്രിയ മക്കളെ പ്രതികൂലങ്ങളാകുന്ന ഇടർച്ചക്കല്ലുകൾ സാത്താനിടു മ്പോൾ അവയെ ഉയർച്ചയിലെത്തിക്കുന്ന കൃപയിലേക്കുള്ള ചവിട്ടുപടി യായി കണ്ട് ധൈര്യത്തോടെ മുൻപോട്ടു പോകുക. ദൈവകൃപ നമ്മുടെ ആശ്രയവും ആനന്ദവുമാകട്ടെ. ദൈവം നിങ്ങളെ അനുഗ്രിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind